2015-ൽ 24 ദിവസം വിവിധ കേന്ദ്രങ്ങളിൽ സേഫ് കേരള പരിപാടി നടത്തി. കൂടാതെ തുടർപരിശോധനകളും നടത്തിവരുന്നുണ്ട്. വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ, ഭക്ഷണശാലകൾ, സ്കൂളുകൾ, ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ, പന്തകൾ, ബസ് സ്റ്റാന്റ്, ക്ലിനിക്കുകൾ, ലബോറട്ടറികൾ തുടങ്ങിയവയിലാണ് സേഫ് കേരള പരിപാടിയനുസരിച്ച് പരിശോധന നടത്തിയത്. ആകെ 857122 കേന്ദ്രങ്ങളിൽ പരിശോധന നടത്തിയതിൽ 35169 പേർക്ക്/സ്ഥാപനത്തിന് നോട്ടീസ് കൊടുക്കുകയുണ്ടായി.

(സി) മെഡിക്കൽ ഓഫീസും ലബോറട്ടറി ടെക്നീഷ്യനും ഉൾപ്പെട്ട ടീമാണ് മെഡിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നത്. ലാബുകളിൽ ആവശ്യത്തിന് സ്ഥല സൗകര്യമുണ്ടോ, ആവശ്യാനുസരണമുള്ള അടിസ്ഥാന യോഗ്യതയുള്ള ജീവനക്കാരാണോ സേവനമനുഷ്ഠിക്കുന്നത്, ഗുണനിലവാരമുള്ള ഉപകരണങ്ങളും രാസവസ്തുക്കളുമാണോ ഉപയോഗിക്കുന്നത്, മാലിന്യ നിർമാർജ്ജനത്തിന് സൗകര്യമുണ്ടോ, ആവശ്യത്തിന് ശുദ്ധജല സമ്പർക്കമുണ്ടോ തുടങ്ങി വിവിധ കാര്യങ്ങളാണ് പരിശോധിക്കുന്നത്. കൂടാതെ ഉപകരണങ്ങൾ അതാതു സമയങ്ങളിൽ കാലിബ്രേഷൻ നടത്തപ്പെടുന്നുണ്ടോയെന്നും പരിശോധിക്കുന്നുണ്ട്. ഇത്തരം പരിശോധനകളിൽ ന്യൂനതകൾ കണ്ടാൽ പൊതുജനാരോഗ്യ നിയമം, പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്ട് എന്നിവ അനുസരിച്ചുള്ള നടപടിയെടുക്കുന്നതാണ്.

അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിലെ പകർച്ചവ്യാധി ഭീഷണി

15(712) ശ്രീ. എം. ഉമർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ നിന്നും പകർച്ചവ്യാധി ഭീഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സേഫ് കേരള പരിപാടിയുടെ ഭാഗമായി ഇത്തരം ക്യാമ്പുകളിൽ പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത്തരം ക്യാമ്പുകൾക്ക് പൊതുജനാരോഗ്യ നിയമ പ്രകാരം നോട്ടീസ് നൽകുന്നതിനൊപ്പം ക്യാമ്പുകളെ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ പരിശോധനകളിൽ പകർച്ച വ്യാധികളുണ്ടാകാവുള്ള സാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരുടെ താമസ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ സാധാരണ കുറവാണ്. വ്യക്തിശുചിത്വം, പരിസര ശുചിത്വം,

LIBRARY ARCHIVES Kerala Legislative Assembly

വാസസ്ഥലങ്ങൾ എന്നിവയിലും പോരായ്മയുണ്ട്. ശുദ്ധമായ കുടിവെള്ളത്തിന്റെ കുറവും ആവശ്യത്തിന് ശൗചാലയങ്ങൾ ഇല്ലാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന ഇത്തരക്കാർവഴി പകർച്ചവ്യാധികളായ മലമ്പനി, മന്ത്, തൊലിപ്പുറത്തുണ്ടാകുന്ന രോഗങ്ങൾ, ക്ഷയം, എച്ച്ഐവി തുടങ്ങിയവ ഇവരിലൂടെ വ്യാപിക്കുന്നുണ്ട്.

(ബി) നടത്തിയിട്ടുണ്ട്. 2014-ലാണ് സേഫ് കേരള പദ്ധതി ആരംഭിച്ചത്. 2014-ലും 2015-ലും സേഫ് കേരള പരിപാടിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ പരിശോധന നടത്തി പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പോരായ്മകൾ മനസ്സിലാക്കി നടപടികൾ സ്വീകരിച്ചിരുന്നു. കൂടാതെ 'ജാഗ്രത' എന്ന പേരിൽ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിലെത്തി രോഗപരിശോധന, ചികിത്സ, ബോധവത്കരണം എന്നിവയും നടത്തി. ഇതുകൂടാതെ ഓരോ ജില്ലയിലെയും ദേശീയ പ്രാണിജന്യരോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി മൈക്രോ/പ്രതിമാസ പരിപാടിയായി മലമ്പനി, മന്ത് തുടങ്ങിയ രോഗങ്ങൾ പരിശോധിക്കുന്നു. സേഫ് കേരള പരിപാടിയുടെ ഭാഗമായി 23385 ക്യാമ്പുകളിൽ പരിശോധന നടത്തി. 3566 ക്യാമ്പുകൾക്ക് നോട്ടീസ് നൽകി. 36 എണ്ണം അടച്ചുപൂട്ടി. 'ജാഗ്രത' പരിപാടി പ്രകാരം 6207 ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. 146007 പേരെ പരിശോധിച്ച് വേണ്ട സൗജന്യ ചികിത്സ നടത്തി.

(സി) ഹിൽഡ് ജീവനക്കാർ, ദേശീയ പ്രാണിജന്യരോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി മൈക്രോ/പ്രതിമാസ സന്ദർശനം ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ നടത്തുകയും മലമ്പനി, മന്ത് തുടങ്ങിയ പകർച്ചവ്യാധികളുണ്ടോയെന്ന് പരിശോധിച്ച് സൗജന്യ ചികിത്സ നൽകുകയും ചെയ്യുന്നു. 'ജാഗ്രത' എന്ന പേരിൽ നടത്തുന്ന ഇത്തരം ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പ്, ആരോഗ്യ ബോധവൽക്കരണം തുടങ്ങിയവ നടത്തി. പോലീസ് വകുപ്പ്, തദ്ദേശസ്വയംഭരണം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ ഒത്തുചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഇത്തരം പരിപാടികൾക്കുവേണ്ട വിലയിരുത്തലും മേൽനോട്ടവും നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി അവരുടേതായ ഭാഷയിൽ അനൗദ്യോഗികമായ സമയത്ത് ബോധവൽക്കരണവും നടത്തിവരുന്നുണ്ട്.

അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലെ പകർച്ചവ്യാധികൾ തടയുന്നതിനുള്ള പദ്ധതികൾ

16(713) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്യാത്തത് എന്തുകൊണ്ടാണ്;

LIBRARY ARCHIVES Kerala Legislative Assembly